# കഷ്ടതയിൽ കൂട്ടയ്മ കാണിക്കുക

## ഫിലിപ്പിയർ 4:14

"എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി."

അപ്പൊസ്തൊലനായ പൗലോസ് മറ്റു ലേഖനങ്ങളിൽ നിന്നു വ്യത്യസ്തമായിട്ടാണ് ഈ ലേഖനം അവസാനിപ്പിക്കുന്നത്. തന്നെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്നു വേണ്ടി നിൽക്കുന്നിടത്ത് താൻ ആയിരിക്കുന്നതൊക്കെയും അവനാൽ ആണെന്നു ആവർത്തിച്ച് പറയുമ്പോഴും, ഫിലിപ്പിയ സഭയിലെ വിശ്വാസികളുടെ അകമഴിഞ്ഞ സഹായത്തെ താൻ ഒരിക്കലും മറക്കുന്നില്ലെന്നും, അതിലൂടെ ഈ വചനം വായിക്കുന്നവർക്ക് ഒരു പ്രചോദനവും, ആശ്വാസവും ആയിരിക്കേണം എന്നു കൂടി ചിന്തിക്കുന്നു.

നമുക്കറിയാം, എല്ലാം സുഖമായിരിക്കുന്നവരോടു കൂടെ സമയം ചിലവിടുന്നതു നമുക്ക് അത്ര പ്രയാസമുള്ള കാര്യമല്ല. എന്നാൽ കഷ്ടതയിൽ ഇരിക്കുന്നവർക്ക് ഒപ്പം ആയിരിക്കുന്നത് വലിയ കഠിനമായ ഒരു കാര്യമാണ്, കാരണം അവരുടെ ദു:ഖവും വേദനയും നിരാശയുമെല്ലാം നമ്മുടെ ഹൃദയത്തെ കൂടി വേദനിപ്പിക്കും. അതോടൊപ്പം നമ്മുടെ ഊർജ്ജവും ചോർന്നു പോകുന്നതു പോലെ തോന്നും. എന്നാൽ നാം ഒരു കാര്യം ഓർക്കണം, നമ്മുടെ വാക്കുകളും സാന്നിദ്ധ്യവുമെല്ലാം അവരിൽ ബലവും, പ്രത്യാശയും ഉളവാക്കും.

പൗലോസ്, 'തന്നെ ശക്തനാക്കുന്ന യേശുക്രിസ്തു മുഖാന്തരം താൻ സകലത്തിനും മതിയായവൻ' എന്ന് പറഞ്ഞയുടനാണ് 'എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി' എന്നും പറയുന്നത്. ഒരു പക്ഷെ നാം ചിന്തിച്ചേക്കാം ക്രിസ്തുവിൽ ഇത്ര വിശ്വാസിയായ ഒരാൾക്ക്, എങ്ങിനെ ഇപ്രകാരം ലോകക്കാർ തന്റെ കഷ്ടതയിൽ തുണയായത് നന്നായി എന്ന് പറയുവാൻ സാധിക്കും എന്ന്. എന്നാൽ പൗലോസ് ഇവിടെ ഉദ്ദേശിക്കുന്നത് ആ കൂട്ടായ്മ തനിക്ക് അധികം ബലത്തിനു കാരണമായി എന്നാണ്. ദൈവത്തിൽ ആശ്രയിക്കുന്നവരെ മറ്റാരും സഹായിച്ചില്ലെങ്കിലും ദൈവം ശക്തീകരിക്കും. എന്നിരുന്നാലും കഷ്ടതയിൽ വിവിധ നിലകളിലുള്ള കൂട്ടായ്മ പങ്കിടുവാൻ നമുക്കേവർക്കും ഉത്തരവാദിത്വം ഉണ്ട്. നമ്മെക്കൊണ്ട് കഴിയുന്ന വിധത്തിൽ അവരെ ആശ്വസിപ്പിക്കാനും സഹായഹസ്തം നീട്ടാനും നാം തയ്യാറാകണം. നമ്മുടെയും കഷ്ടതയുടെ നാളുകളിൽ ദൈവം ചിലരെ നമ്മുടെ അടുക്കൽ കൊണ്ടുവരും എന്നു നാം മറന്നു പോകരുത്.

വലിയൊരു കൂട്ടം പേർ നമ്മുടെ താഴ്ച കണ്ട് സന്തോഷിക്കുമ്പോൾ ചിലരെയെങ്കിലും നമുക്കായി പ്രാർത്ഥിക്കാനും കൈത്താങ്ങാകാനുമായി ദൈവം ഒരുക്കും. മുൻപൊരിക്കലും പ്രതീക്ഷിക്കാത്തവരാകാം ചില നേരത്ത് നമ്മുടെ അരികിൽ കടന്നു വരുന്നത്. കഷ്ടതയിൽ ആശ്വസിപ്പിക്കുന്നവരെ ഒരിക്കലും നമുക്ക് മറക്കാനാവുകയില്ല. അവർക്കായി ദൈവത്തെ നാം നിരന്തരം സ്തുതിക്കും. അപ്രകാരം നമ്മെ ഓർത്തും ദൈവത്തിന്നു സ്തോത്രം ചെയ്യാൻ ചിലരുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

എബ്രായർ 13:16

നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുതു. ഈവക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നതു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 148